"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - 2022- 2023 — ഫണ്ട് വിനിയോഗം - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3633/2022/GEDN തീയതി,തിരുവനന്തപുരം, 16-06-2022

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/04/2022-ലെ പി.എൽ 1/269033/2021/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

2022-2023 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി 2202-01-112-90-01-Plan (Central Share), 2202-01-112-90-02-Plan (State Share), 2202-01-112-89-Plan (Mid Day Meal Scheme State Additional Assistance) എന്നീ ശീർഷകങ്ങളിലായി യഥാക്രമം 225 കോടി, 150 കോടി. 192.64 കോടി എന്നിങ്ങനെ ആകെ 567.64 കോടി രൂപ (അഞ്ഞൂറ്റി അറുപത്തിയേഴ് കോടി അറുപത്തി നാലു ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം പ്രൈമറി, അപ്പർ പ്രൈമറി സ്കൂൾ വിഭാഗങ്ങളിലായി ഏകദേശം 2974571 കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്നും ടി പദ്ധതി നടത്തിപ്പിനായി ഏകദേശം 74194.368 മെട്രിക് ടൺ അരിയും ചെലവിനത്തിലായി 65714.04 ലക്ഷം രൂപയും ആവശ്യമായി വരുമെന്നും ആയതിനാൽ സംസ്ഥാന ബഡ്ജറ്റിൽ ടി സാമ്പത്തിക വർഷം പ്രസ്തുത പ്ലാൻ ശീർഷകങ്ങളിലായി വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. 60:40 എന്ന തോതിലാണ് യഥാക്രമം കേന്ദ്ര — സംസ്ഥാന സഹായം ഈ പദ്ധതിയ്ക്ക് ലഭിക്കുന്നത്. പ്രസ്തുത പദ്ധതി ഘടകങ്ങളിൽ വ്യത്യാസമില്ലാത്ത ഒരു തുടർ പദ്ധതിയായതിനാൽ സംസ്ഥാന ബഡ്ജറ്റിൽ 2022-2023 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി വിവിധ ശീർഷകങ്ങളിൽ ചുവടെ പറയും പ്രകാരം വകയിരുത്തിയിട്ടുള്ള 567.64 കോടി രൂപ (അഞ്ഞൂറ്റി അറുപത്തേഴ് കോടി അറുപത്തി നാല് ലക്ഷം രൂപ മാത്രം ) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

| ക്രമനമ്പർ | ശീർഷകം | തുക കോടി രൂപയിൽ |
|---|---|---|
| 1 | 2202-01-112-90-01-Plan (Central Share) | 225 |

| | | |
|---|---|---|
| 2 | 2202-01-112-90-02-Plan (State Share) | 150 |
| 3 | 2202-01-112-89-Plan (Mid Day Meal Scheme State Additional Assistance) | 192.64 |
| | **ആകെ** | 567.64 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
4. ധനകാര്യ (വിദ്യാഭ്യാസ എ) വകുപ്പ് (U.O(F) A2/93/2022/Fin, dated, 09/06/2022).
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് .
7. ഭക്ഷ്യ പൊതു വിതരണ വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Signed by Namitha T
ഉത്തരവിൻ പ്രകാരം
Date: 17-06-2022 10:37:01

സെക്ഷൻ ഓഫീസർ

പകർപ്പ് - 1. ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
3. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.